(സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്കാലികാടിസ്ഥാനത്തിൽ വെറ്ററിനറി സർജൻമാരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കയർ വ്യവസായത്തിന്റെ വികസനത്തിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള നടപടികൾ

104 (2553) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. പി. ഗംഗാധരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ വ്യവസായ രംഗത്ത് എത്ര തൊഴിലാളികൾ പണിയെടുത്തു ;

(ബി) ഇവയിൽ സഹകരണ മേഖലയിൽ എത്ര തൊഴിലാളികളുണ്ട് ;

(സി) ആധുനികവത്കരണത്തിന്റെയും ഗ്ലോബലൈസേഷന്റെയും വെളിച്ചത്തിൽ ഈ വ്യവസായത്തിന്റെ പുരോഗതി എപ്രകാരം കൈവരുത്താം എന്നതിനെപ്പറ്റി വ്യവസായ മാനേജ്മെന്റ് വിദഗ്ദ്ധരെക്കൊണ്ട് പഠനം നടത്തിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാലു ലക്ഷത്തോളം തൊഴിലാളികൾ പണിക്കെടുത്തു.

(ബി) ഏകദേശം രണ്ടേമുക്കാൽ ലക്ഷം.

(സി) കയർ മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് പരിഹാരമാർഗം നിർദ്ദേശിക്കുന്നതിന് ഹൈദ്രാബാദിലെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനം പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനം ആരംഭിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഉല്പന്നങ്ങൾ വൈവിധ്യവത്കരിക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്നിവയെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly